# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3953      27.06.2012 ൽ മറുപടിക്ക്

## '108' ആംബുലൻസുകളുടെ അറ്റകുറ്റപ്പണി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) 108 ആംബുലൻസുകളുടെ നടത്തിപ്പ് ചുമതല ആരിലാണ് നിക്ഷിപ്തമാക്കിയിട്ടുള്ളത്; | (എ) എൻ. ആർ.എച്ച്.എം. ന്റെ കീഴിൽ 19.05.2010 ൽ ആരംഭിച്ച പ്രോജക്ടാണ് KEMP (Kerala Emeregency Medical Services Project). '108' എന്ന ടോൾ ഫ്രീ നമ്പർ മുഖാന്തിരമാണ് ഈ സൗജന്യ ആംബുലൻസ് സേവനം ലഭ്യമാകുന്നത്. 'ചികിത്സ' ഹെൽത്ത്കെയർ എന്ന സ്ഥാപനത്തെ ടെൻഡർ നടപടികൾ പൂർത്തിയാക്കി ഇതിന്റെ ഓപ്പറേറ്റിംഗ് ഏജൻസിയായി നിയമിച്ചു. സർക്കാർ ഉത്തരവ് (G.O.(Rt.)No.7/12/ H&FWD dated 2/1/2012) പ്രകാരം ഈ പ്രോജക്ടിന്റെ മാനേജിംഗ് ഏജൻസിയായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമറ്റഡിനെ നിയമിക്കുകയും ചെയ്തു. |
| (ബി) 108 ആംബുലൻസിന്റെ പ്രതിമാസ നടത്തിപ്പിന് ചെലവാകുന്ന തുകയുടെ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) തുടക്കത്തിൽ വർഷം ഒരു ആംബുലൻസിന് 98,900/- രൂപ എന്ന നിരക്കിൽ 2000 കി.മീ. ഉം, 2000 ത്തിലധികം ഓടിയാൽ കിലോമീറ്റർ ഒന്നിന് 48/- രൂപ എന്ന നിരക്കിലും ആയിരുന്നു വ്യവസ്ഥ. എന്നാൽ രണ്ടാം വർഷം എഗ്രിമെന്റ് പ്രകാരം കൺസ്യൂമർ പ്രൈസ് ഇൻഡക്സ് അടിസ്ഥാനത്തിൽ 7% നിരക്ക് കൂട്ടുകയും രണ്ടാം വർഷം 1,06,375/- ഉം 53/- ഉം ആയി വർദ്ധിപ്പിക്കുകയും ചെയ്തു. |
| (സി) 108 ആംബുലൻസുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്താത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ പ്രസ്തുത വാഹനങ്ങൾക്കായി ഒരു പ്രിവന്റീവ് മെയിന്റനൻസ് ഷെഡ്യൂൾ തയ്യാറാക്കുകയും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഫ്ലീറ്റ് മാനേജ്മെന്റ് വിഭാഗം ഷെഡ്യൂൾ പ്രകാരം എല്ലാ മാസവും പ്രസ്തുത വാഹനങ്ങൾ പരിശോധിച്ച് കാര്യക്ഷമത ഉറപ്പ വരുത്തുന്നു. |

B.V. Kumar

സെക്ഷൻ ഓഫീസർ